**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 153** **27-06-2022 - ൽ മറുപടിയ്ക്ക്**

**പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഡയാലിസിസ് സംവിധാനമുള്ളതെന്ന് ആശുപത്രികളുടെ പേര്, നിലവിൽ പ്രവർത്തനക്ഷമമായ യൂണിറ്റുകളുടെ എണ്ണം എന്നിവ സഹിതം വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ഡയാലിസിസ് കേന്ദ്രങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി വ്യാപകമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലായി എത്രപേർക്ക് ഈ സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (ബി) | പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി ആലപ്പുഴ ജില്ലയിൽ ആലപ്പുഴ ജനറൽ ആശുപത്രിയിലാണ് പ്രവർത്തിച്ച് വരുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജുമായി സഹകരിച്ചു കൊണ്ടാണ് പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി ഇവിടെ നടപ്പിലാക്കി വരുന്നത്. തികച്ചും സൗജന്യമായിട്ടാണ് പെരിറ്റോണിയൽ ഡയാലിസിസിന് ആവശ്യമായിട്ടുള്ള ഡയാലിസിംഗ് ഫ്ലൂയിഡ്, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ രോഗികൾക്ക് നൽകി വരുന്നത്. ഇതിന്റെ തുടർ ചികിത്സയ്ക്കായി ആവശ്യമുള്ള മരുന്നുകൾ ആലപ്പുഴ ജില്ലാ ആശുപത്രി വഴി ലഭ്യമാക്കുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന മരുന്നുകൾ പരിമിതമായതിനാൽ രോഗികൾക്ക് അവരുടെ ഇൻഷുറൻസ് സ്കീം വഴി മെഡിക്കൽ കോളേജിൽ നിന്നും 3000 രൂപയുടെ പാക്കേജ് വഴി മൂന്ന് ദിവസത്തേക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. ഒരു ജില്ലയിൽ ഒരു പ്രധാന ആശുപത്രിയിലാണ് പെരിറ്റോണിയൽ ഡയാലിസിസ് സംവിധാനം ഇപ്പോൾ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ആലപ്പുഴ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ഡയാലിസിസ് കേന്ദ്രങ്ങളുടെ വിവരം

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് | പ്രവർത്തനക്ഷമമായ ഡയാലിസിസ് മെഷീനുകളുടെ എണ്ണം |
|---|---|---|
| 1. | ഗവ. റ്റി.ഡി മെഡിക്കൽ കോളേജ്, ആലപ്പുഴ | 22 |
| 2 | ജനറൽ ആശുപത്രി, ആലപ്പുഴ | 12 |
| 3 | താലൂക്ക് ആശുപത്രി തുറവൂർ | 14 |
| 4 | താലൂക്ക് ആശുപത്രി ഹരിപ്പാട് | 7 |
| 5 | താലൂക്ക് ആശുപത്രി കായംകുളം | 10 |
| 6 | താലൂക്ക് ആശുപത്രി ചേർത്തല | 11 |
| 7 | ജില്ലാ ആശുപത്രി മാവേലിക്കര | 6 |

സെക്ഷൻ ഓഫീസർ